(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വനം ബില്ലിൽ വനത്തിന് നൽകിയിരിക്കുന്ന നിർവചനം മുഖേന മുൻ എൽ. ഡി. എഫ്. സർക്കാർ ഓർഡിനൻസിലൂടെ ഏറ്റെടുത്ത വനഭൂമി സ്വകാര്യവ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻ സർക്കാർ ഓർഡിനൻസിൽ കൂടി ഏറ്റെടുത്ത എത്ര ഏക്കർ വന ഭൂമിയാണ് സർക്കാരിൽ ഇപ്പോൾ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വനം കൈയേറ്റം തടയുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ ഗവർണ്ണർ പ്രസിഡന്റിന്റെ പരിഗണനയ്ക്കായി റിസർവ് ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാർ ഓർഡിനൻസിലൂടെ ഏറ്റെടുത്ത വനഭൂമിയിൽ മേൽ ബില്ലിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി കാണുന്നവ വിട്ടുകൊടുക്കേണ്ടിവരും.

(ഡി) ഏകദേശം 27305.679 ഏക്കർ ഭൂമിയാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്.

(ഇ) വനം കൈയേറ്റം തടയുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കാൻ ആവശ്യമായ നിയമ ഭേദഗതിക്ക് ശുപാർശയുണ്ട്. പുതിയ നിയമനിർമ്മാണം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൈവശഭൂമിയിലെ മരം മുറിക്കാൻ കൈവശക്കാരനെ അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ്

112 [395] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശഭൂമിയിലെ മരം മുറിക്കാൻ കൈവശക്കാരനു അധികാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് അനുസരിച്ച് ഏതൊക്കെ മരങ്ങളാണ് മുറിക്കാൻ അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഉത്തരവനുസരിച്ച് സംസ്ഥാനത്ത് ആർക്കെങ്കിലും മരം മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) ഇത്തരത്തിൽ ഒരു ബിൽ നിയമസഭ പാസ്സാക്കി ഗവർണ്ണറുടെ അനുമതിക്കായി അയച്ചിട്ടുണ്ട്.

വനം വകുപ്പിന് തമിഴ്നാട്ടിലുള്ള ഭൂമി

113 [396] ശ്രീ. വി. ബാലറാം :

ശ്രീമതി രാധാരാഘവൻ :

ശ്രീ. എ. പി. അനിൽകുമാർ :

,, തേറമ്പിൽ രാമകൃഷ്ണൻ :

,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനം വകുപ്പിന് തമിഴ്നാട്ടിൽ എവിടെയെല്ലാം ഭൂമിയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലങ്ങളിൽ വനം വകുപ്പിന് എത്ര ഏക്കർ ഭൂമിയുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഭൂമി ഏതെല്ലാംവിധത്തിൽ വിനിയോഗിക്കുന്നു എന്ന് വിശദമാക്കാമോ;

(ഡി) ഈ ഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടുണ്ടോ;

(ഇ) ഈ ഭൂമി പ്രയോജനപ്രദമായവിധം ഉപയോഗിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തമിഴ്നാട്ടിൽ ചെങ്കോട്ട, പൊള്ളാച്ചി എന്നീ സ്ഥലങ്ങളിൽ വനംവകുപ്പിന്റെ അധീനതയിൽ ഭൂമിയുണ്ട്.

(ബി) പൊള്ളാച്ചിയിൽ 3.20 ഹെക്ടറും ചെങ്കോട്ടയിൽ 5.82 ഹെക്ടറുമാണുള്ളത്.

(സി) ഈ ഭൂമി തടിവിൽപ്പന വിഭാഗത്തിന്റെ ഡിപ്പോ ആണെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഈ ഡിപ്പോകളിൽ ഇപ്പോൾ ലേലം നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly